ST.MATHEW'S H.S. POZHIYOOR



# തേൻതുള്ളികൾ



*ST.MATHEW'S H.S. POZHIYOOR*

# സെൻറ് മാത്യൂസ് ഹൈസ്ക്കൂൾ പൊഴിയൂർ 2018-2019



***MAGAZINE- LITTLE KITES***

# ST.MATHEW'S HS

## SOUTHKOLLEMCODE, POZHIYOOR

# SCHOOL MANAGER



# Rev. Fr. Shaju William

# OUR HEADMISTRESS




## M. Mary Roselin Vincelet

# Kite Mistress



**J. Juliet Sheeba Richard**

# Kite Mistress



**R. Reena**

# EDITORIAL BOARD



1. KAVITHA B.M
2. AFINI ANTO
3. DEEPA J
4. JANI JOHN
5. REN ROBIN
6. JINO MON
7. GODSON
8. SIDHARTH T

# സന്ദേശം

*മനസ്സ് മയിൽപ്പീലി പോലെയാവണം, സുന്ദരസ്വപ്നങ്ങൾ പോലെ പറന്നുയരണം. സ്വതന്ത്രവാനത്തിലെ എല്ലാ സുന്ദരകാഴ്ചകളും കാണാൻ ആ മയിൽപ്പീലി കണ്ണുകൾക്ക് കഴിയണം. സ്വതന്ത്രമായ മനസ്സുകൾക്ക് മാത്രമേ ജീവിതത്തെ നിർണ്ണയിക്കാനും നയിക്കാനും പുനർരചിക്കാനും കഴിയൂ. ലിറ്റിൽ കൈറ്റ്സ് 2018-19 കുട്ടുകാരുടെ നേതൃത്വത്തിൽ സ്കൂൾവിദ്യാർത്ഥികളുടെ*

സർഗ്ഗസൃഷ്ടി കോർത്തിണക്കുന്ന ഈ മാഗസീന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു. ഇത് പറന്നുയരാൻ വെമ്പുന്ന പുതിയലോകത്തിലെ വിദ്യാർത്ഥിസമൂഹത്തിൻറെ നേർചിത്രങ്ങളാകട്ടെ, പുതുമയുടെ സന്ദേശമാവട്ടെയെന്ന് ആശംസിക്കുന്നു.



*ബി. റ്റെറൻസ് ഫെർണാണ്ടസ്*

*മലയാളംഅധ്യാപകൻ*

## ഉള്ളടക്കം


1. വിശപ്പിൻറെ വിളി
2. ALWAYS RIGHTS BEHIND ME
3. IMPORTANCE OF HUMANITIES IN DAILY LIFE
4. കടങ്കഥകൾ
5. ചിറകുകൾ
6. ഇന്നു വായന മരിക്കുന്നുവോ
7. സൽപ്പെരുമാറ്റത്തിൻറെ മൂല്യം
8. LITTLE BIRD
9. MOBILE IN TODAY'S WORLD
10. പ്ളാസ്റ്റിക് എന്ന വില്ലൻ

# വിശപ്പിന്റെ വിളി

AFINI ANTO

ദാരിദ്ര്യം എന്ന കൊടുംഭീകരതയെ മുഖാമുഖം നേരിടുന്ന ഒരു കുടുംബമാണ് ദേവൂവിന്റേത്. 6-ാം ക്ലാസിൽ പഠിക്കുന്ന ജാനകിയും 3-ാം ക്ലാസിൽ പഠിക്കുന്ന വാസുദേവനും 4 വയസ്സ് പ്രായമായ രാമുവും 2 വയസ്സ് പ്രായമായ ഉണ്ണിയും പപ്പുവിന്റെ വയസ്സായ അമ്മയും അടങ്ങുന്നതാണ് ദേവൂവിന്റെ കുടുംബം. രോഗവും ദാരിദ്ര്യവും കാരണം പപ്പുവെന്ന അച്ഛനെ അവർക്ക് നേരത്തേ നഷ്ടപ്പെട്ടിരിക്കുന്നു.അച്ഛനില്ലാത്ത മക്കളെ ഒരു നേരത്തെ ആഹാരം കൊടുത്ത് സംതൃപ്തിയടയാൻ ദേവൂവിന് വളരെ പ്രയാസപ്പെടേണ്ടിവന്നു.

ഉണ്ണിയാണ് പ്രശ്നം. ബാക്കിയുള്ള കുട്ടികളെക്കൊണ്ട് വളരെ ബുദ്ധിമുട്ടില്ല. ജാനകിയോട് പറഞ്ഞാൽ അവൾക്ക് മനസ്സിലാകും.കിണറ്റിലെ വെള്ളം കുടിച്ചും പുളിങ്കുരു പൊട്ടിച്ചു തിന്നും അവൾ ദിവസം കഴിച്ചു കൂട്ടും. വാസുദാവനും രാമുവും രാവിലെ എഴുന്നേറ്റ് കാവിനടുത്ത് പോകും. കാവിന്റെ മുറ്റത്ത് മറ്റു കുട്ടികളോടൊപ്പം കളിച്ച് സമയം നീക്കും. കാവിൽ പൂജയുള്ള ദിവസമാണെങ്കിൽ പ്രസാദവും,അവിലും, ശർക്കരയും, പഴവും കിട്ടും. അല്ലെങ്കിൽ മാങ്ങ എറിഞ്ഞോ കശുവണ്ടി പെറുക്കിയോ കഴിച്ച് അവർ തൃപ്തിയടയും. പക്ഷേ ഉണ്ണിയോ? കരഞ്ഞു കരഞ്ഞു തളർന്ന ഉണ്ണി നിലത്തു കിടന്ന് ഞരങ്ങുകയാണ്. ദേവൂവിന് നോക്കിനിൽക്കാൻ കഴിഞ്ഞില്ല. നെഞ്ചു പൊട്ടുന്നതുപോലെ തോന്നി. ചെറിയ കുട്ടിയല്ലേ, എത്രനേരമാണ് വിശപ്പ് സഹിക്കുക. പാലുകുടി നിർത്തി കഞ്ഞിയും ചോറും കുടിക്കാൻ തുടങ്ങിയപ്പോൾ അവന് അത് കൊടുക്കാൻ സാധിക്കുന്നില്ല. ഈ കഷ്ടപ്പാടുകൾക്ക് ഒരു അവസാനം ഇല്ലാതിരിക്കുമോ?

സ്കൂൾ പൂട്ടിയ കാലമാണ്. തുറന്ന് കഴിഞ്ഞാൽ വലിയ ഒരു ആശ്വാസമായേനേ. ജാനകിയ്ക്കും വാസുദേവനും സ്കൂളിൽ നിന്നും ഉച്ചക്കഞ്ഞി കിട്ടും. അതുമതിയാകും 24 മണിക്കൂർ നേരത്തേക്ക്. രാമുവിന് 5 വയസ്സ് തികയാത്തതിനാൽ സ്കൂളിൽ അയയ്ക്കാൻ സാധിക്കില്ലാ. അതുകൊണ്ട് അവനും വിശപ്പിന്റെ വിളി നന്നായി അറിയാം. പപ്പുവിന്റെ അമ്മയുടെ യുക്തിയനുസരിച്ച് ജാനകിയും വാസുദേവനും സ്കൂളിൽ പോകുമ്പോൾ രാമുവിനെയും ഒപ്പം കൂട്ടും. അവർ ക്ലാസിൽ ആയിരിക്കുമ്പോൾ രാമു

പുറത്ത് എവിടെയെങ്കിലും ആരും കാണാതെ കളിച്ച് നിൽക്കും. ഉച്ചക്കഞ്ഞിക്ക് മണിയടിക്കുന്ന സമയത്ത് ആരും കാണാതെ സ്കൂളിനകത്തു കയറി മറ്റ് കുട്ടികളോടൊപ്പം കഞ്ഞികുടിക്കും. ഒരാഴ്ച രാമു സുഖമായി കഞ്ഞി കുടിച്ച് തൃപ്തനായി. ഒരു ദിവസം രാമുവിനെ വിളമ്പുകാരന്റെ കണ്ണിൽ പെടുകയും അവനെ ചെവിക്ക് പിടിച്ച് എഴുന്നേൽപിച്ച് ഗെയ്റ്റിന് പുറത്താക്കുകയും ചെയ്തു. അങ്ങനെ അവൻ വീണ്ടും വിശപ്പിന്റെ പടുകുഴിയിലായി.

ദേവു കുട്ടികൾക്ക് ഇന്ന് എന്തു കൊടുക്കും എന്നുള്ള ആധിയിൽ പെട്ട് ഉഴലവേ പുറത്തൊരു ബഹളം കേട്ടു. അവൾ നോക്കിയപ്പോൾ ഒരു നായ വായിൽ ഒരു വലിയ ചാക്കു സഞ്ചിയും തൂക്കി ഓടി വരുന്നു. അതിന് പുറകിലായി നായെ പിടിക്കാനായി ഓടുന്ന കുട്ടിശങ്കരനും അമ്മ കല്യാണിയും. പെട്ടന്നുള്ള ഉൾപ്രേരണയാളൽ ദേവു മുറ്റത്ത് മതിലിൽ ചാരിവച്ചിരുന്ന ചൂലെടുത്ത് നായയുടെ നേരെ ഒരേറു കൊടുത്തു. ഏറിന്റെ ആഘാതത്തിൽ വായിൽ നിന്നും സഞ്ചി തെറിച്ചു വീണു. ദേവു ഉടനെ നിലത്തു കിടന്ന സഞ്ചിയെടുത്തു തുറന്നു നോക്കി. അതിൽ അരിയാണെന്ന് കണ്ട ദേവു ചുറ്റും ആരുമില്ലെന്ന് മനസ്സിലാക്കി അടുക്കളയിലേക്ക് ചാടിക്കയറി മുറം കൊണ്ട് മൂടിവച്ചു. ഇത് കണ്ട പപ്പുവിന്റെ അമ്മ എന്താ ദേവു നീ ഈ കാണിച്ചത്, നിനക്ക് ഭ്രാന്തു പിടിച്ചോ, മോഷ്ടിക്കാനും തുടങ്ങിയോ എന്നു ചോദിച്ച് ശകാരിക്കാൻ തുടങ്ങി. അമ്മായിയോട് മിണ്ടാതിരിക്കാൻ പറഞ്ഞിട്ട് പുറത്തിറങ്ങിയ ദേവു കണ്ട കാഴ്ച നായയുടെ പുറകേ ഓടിത്തളർന്ന കല്യാണിയെയാണ്. ദേവുവിനെ കണ്ട മാത്രയിൽ കല്യാണി കരയാൻ തുടങ്ങി. കള്ളൻ നായ ചതിച്ചു ദേവു. മക്കളുടെ വിശപ്പ് കണ്ട് കുറച്ച് അരി കടം വാങ്ങിച്ചതാണ്. കുട്ടികളുടെ അച്ഛനോട് ഇനി എന്താണു പറയുക. ഇനിയിപ്പം ഞാനെന്താണ് ചെയ്യുക. എന്റെ ദൈവമെ എന്ന് പറഞ്ഞ് തലയ്ക്ക് കയ്യും കൊടുത്തു ഒരു ഇരുപ്പ് ഇരുന്നു. കള്ളൻ നായ ഇങ്ങോട്ടു വന്നില്ലല്ലോ കല്യാണി എന്ന് ദേവു മുഖം നോക്കാതെ പറയുകയും ചയ്തു. അപ്പോഴാണ് കുട്ടിശങ്കരൻ അവിടെയെത്തിയത്. എന്നിട്ട് ഇങ്ങനെ പറയുകയുണ്ടായി. നായ ഇതുവഴിയാണ് ഓടിപ്പോയത്, വായിൽ സഞ്ചിയും കാണാനില്ല. അപ്പോൾ സഞ്ചി ഇവിടെയെങ്ങാനും കാണും. ഞാൻ ഒന്നുകൂടി നോക്കാം എന്നു പറഞ്ഞ് വേലിയുടെ പുറകിലേക്ക് പോയി. പറമ്പു മുഴുവൻ തിരഞ്ഞ് കാണാതെ വിശമിച്ചെത്തിയ കുട്ടിശങ്കരൻ ആരോ നമ്മളെ ചതിച്ചു എന്ന് കറഞ്ഞു പറയുകയും ഒപ്പം എന്റെ മക്കൾ ഇന്ന് പട്ടിണിയായല്ലോ ദേവു എന്ന് പറഞ്ഞ് കരയുന്ന കല്യാണിയെയും കൂട്ടി വീട്ടിലേക്ക് തിരിച്ചു പോയി.

നിലത്ത് കിടന്ന കയ്യും കാലും തറയിൽ തല്ലി കരയുന്ന ഉണ്ണിയുടെ കരച്ചിൽ പിന്നെയും ദേവു കേട്ടു. അടുക്കളയിൽ ഇരുന്ന് പയ്യാരം പറയുന്ന അമ്മായിയുടെ ശബ്ദവും ചെവിയിലെത്തി. പുറത്ത് വെയിലത്തിരുന്ന് പുളിങ്കുരു തല്ലുന്ന ജാനകിയെയും കാവിൽ പൂജയില്ലാത്തതിനാൽ പ്രസാദം കിട്ടാതെ വിശന്ന് വലഞ്ഞ് വീഴാറായ തരത്തിൽ കൈകോർത്തു നടന്നു വരുന്ന വാസുദേവനെയും രാമുവിനെയും ദേവു കണ്ടു. അവൾ പിന്നെ ഒന്നും ആലോചിച്ചില്ലാ. വേഗം അടുക്കളയിൽ കയറി പൊട്ടാറായ കലം വെള്ളം ഒഴിച്ച് അടുപ്പത്ത് വച്ച് തീ പിടിപ്പിച്ചു. മുറത്തിനുള്ളിൽ ഒളിപ്പിച്ച് വെച്ചിരുന്ന അരിയെടുത്ത് കല്ലും നെല്ലും നീക്കി കഴുകി കലത്തിലിട്ടു വേവിക്കാൻ തുടങ്ങി. എന്നിട്ട് പുറത്ത് ചെന്ന് മക്കളെ ചേർത്തു പിടിച്ച് ആരും കരയണ്ട. ആമ്മ ഇപ്പോൾ ചോറു തരാം

എന്ന് വേവലാതിയോടെ അറിയിച്ചു. ചോറോ മക്കൾ അത്ഭുതപ്പെടുകയും അമ്മയെ നോക്കുകയും ചെയ്തു അതേടാ ചോറു തന്നെ എന്ന് പറഞ്ഞ് മക്കളെയും കൊണ്ട് അകത്തേക്ക് പോയി. 3 പേരും വയർ നിറച്ച് ചോറു കഴിച്ചു സന്തോഷഭരിതരായി. വയറ് നിറഞ്ഞ ഉണ്ണി ഉറങ്ങി. അതിനുശേഷം ദേവു അമ്മായിയെ ചോറു കഴിക്കാൻ വിളിച്ചു എനിക്ക് നിന്റെ മോഷ്ടിച്ച ചോറു വേണ്ട എന്ന് പറഞ്ഞ് പുറം തിരിഞ്ഞ് ഇരിക്കാൻ തുടങ്ങി.

ഇവിടെ വേറെ ഒന്നും ഇല്ല എന്ന് പറഞ്ഞ് ദേവു ഉണ്ണിയോടൊപ്പം ഉറങ്ങാൻ കിടന്നു. മയക്കത്തിനിടയിൽ എന്തോ ശബ്ദം കേട്ട് ഞെട്ടിയുണർന്ന ദേവു അടുക്കളയിൽ കള്ളൻ നായ ആണെന്ന് വിചാരിച്ച് ഓടിയെത്തിയപ്പോൾ കണ്ട കാഴ്ച പലകയിൽ ഇരുന്ന് ചോറുവാരി തിന്നുന്ന അമ്മായിയെ ആണ്. കലികയറിയ ദേവു ഇപ്പോൾ എവിടെപ്പോയി നിങ്ങളുടെ വേദാന്തം എന്ന് ദേഷ്യത്തോടെ ചോദിച്ചു. അതിന് മറുപടിയായി വിശന്നാൽ പുലി പുല്ലും തിന്നും എന്ന് ജാള്യത്തോടെ അമ്മായി മുഖം നോക്കാതെ പറഞ്ഞു. പിന്നെ എന്തിനാണ് ഇതെല്ലാം പറഞ്ഞത്. എനിക്ക് വേണ്ടിയാണൊ ഞാനിത് ചെയ്തത്. കുട്ടികളുടെ വിശപ്പിന്റെ നിലവിളി അമ്മായിയും

കേട്ടതല്ലേ. എത്ര നേരമാണ് അവർ വിശപ്പ് സഹിക്കുക. ഞാൻ കണ്ണിൽ ചോരയില്ലാത്ത മഹാപാപിയാണ് എന്ന് പറഞ്ഞ് കരയാൻ തുടങ്ങി. ഇനി ഒന്നും പറഞ്ഞിട്ട് കാര്യം ഇല്ല. നീയും വല്ലതും കഴിച്ച് ഉറങ്ങാൻ നോക്ക്. രണ്ടു ദിവസം ആയല്ലോ വല്ലതും കഴിച്ചിട്ട്. ഇതും പറഞ്ഞ് അമ്മായി ഉറങ്ങാൻ പോയി

ദേവു അടുക്കളയിൽ ചെന്ന് പാത്രത്തിൽ ചോറെടുത്ത് കഴിക്കാനിരുന്നു. അപ്പോൾ പുറത്തിരുന്ന മക്കളുടെ വിശപ്പിനെ ചൊല്ലിയുള്ള കല്യാണിയുടെ നിലവിളിക്കുന്ന മുഖം മനസ്സിൽ തെളിഞ്ഞു. ഒപ്പം കല്യാണിയുടെ മക്കളുടെ ചിലമ്പിച്ച ശബ്ദവും കേട്ടു തുടങ്ങി. എന്നോട് ക്ഷമിക്കണേ  ദൈവമേ, ഞാൻ മനഃപൂർവ്വം ചെയ്തതല്ല. എന്റെ മക്കളെ ഓർത്ത് ചെയ്തുപോയതാണ് എന്ന് സ്വയം പഴിചാരി ഒരുരുള ചോറു കഴിക്കാൻ കഴിയാതെ ഒഴിഞ്ഞ വയറുമായി ഉണ്ണിയുടെ അടുക്കലേക്ക് തിരിച്ച് പോയി.



# ALWAYS RIGHTS BEHIND ME

**GODSON SURESH**

**When I feel as if I'm lost**
**Without an end in sight**
**I look and there you are**
**One step behind**

**When I feel as though**
**The world**
**Is bigger than my**
**Dream**

**I look and there you are,**
**Right behind me**
**When my biggest fear is failure**
**And I see no way to win**
**I look and there you are**
*Right behind me, my friend.*



# IMPORTANCE OF HUMANITIES IN DAILY LIFE

**KAVITHA. B.M**

Humanities come from the latin word humanus. Term humanities refers to the art-visual arts such as architecture painting, sculpture, music, dance, the theatre of drama and literature. The humanities help us to understand others through other languages histories and cultures. The humanities encourage us to think creativity. They teach us to reason about being human and to ask question about our world. The humanities develop informed critical citizens. Art is very important in our life. Art is like love. The humanities play a number of roles in a man's life, including providing greater in sight into the world helping better understand both the past and the future and fostering a sense of empathy, broadly defined the humanities are the study of human cultures through art, literature, philosophy, music and language.

The sciences represent the development of mind, the humanities, as the name implies, exemplify the development of humansoul. Proper teaching of the humanities goes beyond learning the best way to write a sentence or how to draw a comparison between historical figures. The scientific analogues are, more than any thing, humanistic traits shoe horned into a vastly different discipline.

Some great skills that humanities teach.

Ability to interpret texts.

A greater creativity – thinking in new and different ways.

Ability to see things from different perspective.

A deeper understanding of human nature – why and how people behave and how to have more productive interactions relationships.


The development of a richer understanding of what other people are feeling and experiencing.

The ability to write clearly and in an organized manner.

Ability to listen to read a text

closely and pay attention to what the text is saying.

A richer understanding of how various behaviours and choices lead to good or bad outcomes.




A more articulate, persuasive, and engaging way of expressing oneself.

I hope the humanities remain a vibrant part of higher education, for although the immediate return on investment may not be as clear, in the long run, an education in the humanities can readily turn to gold. And the benefits extent beyond money and career-humanities deepen and enrich ones life and help one think in more rounded and multidimentional way.

***"HISTORY IS THE QUEEN OF HUMANITIES IT TEACHERS WISDOM AND HUMILITY, AND IT TELLS US HOW THINGS CHANGE THROUGH TIME".***



# കടങ്കഥകൾ

**REN ROBIN**

1. ഉറങ്ങും കണ്ണടക്കില്ല - മത്സ്യം

2. ഇരുട്ടുകാട്ടിൽ കുരുട്ടുപന്നി - പേൻ

3. വേലി നീളെ നീലക്കല്ല് - ശംഖുപുഷ്പം

4. ഒരു കുന്നിൽ രണ്ടു കുഴി - മൂക്ക്

5. നാലുവഴി നാലായിരം കടം - ചതുരക്കളി

6. കാളകിടക്കും കയറോടും - മത്തൻ

7. തേൻ കുടത്തിൽ ഒറ്റക്കണ്ണൻ - ചക്കച്ചുള

8. ഇരുട്ടാട്ടി എണ്ണെയെടുത്തു - എള്ള്

9. അടിക്കാത്തമുറ്റമേത്? - ആകാശം

*10. കുറ്റിക്കാട്ടിൽ കൊച്ചരിവാൾ - പല്ല്*



# ചിറകുകൾ

**DEEPA. J**

**കാതുകൾ തന്നനുഗ്രഹിച്ചതെങ്ങനെ**

**അപ്രിയമായതു കേൾപ്പതിനൊ**

**നയനങ്ങൾ തന്നനുഗ്രഹിച്ചതെന്നെ**

**ഈ ലോകത്തിൻ നഗ്നത കാണുവാനോ**

**നാവു തന്നനുഗ്രഹിച്ചതിനു**

**മൗനമായി ഇരുപ്പതിനോ**



**ഈ നാദം തന്നനുഗ്രഹിച്ചതും**

**എൻ ചിന്തകൾ ഉള്ളിലൊതുക്കുവാനോ**

**പാറിപ്പറക്കുവാനാകുമോ എന്നുടെ**

**ആശകൾ സഭലമായി തീർന്നിടുമോ**

**കൂട്ടിലടഞ്ഞൊരു പെൺകിളി ഞാനെൻ**

**ജീവിതം ധന്യമായി തീർന്നീടുമോ**

**ചൊല്ല നീ എന്നിൽ നിന്നന്നെയകറ്റിയ**

**ലോകത്തിൻ നിഷ്ഠൂര ഹസ്തങ്ങളെ**



## ഇന്നു വായന മരിക്കുന്നുവോ

SIDDHARTH

എന്തിനെക്കുറിച്ചും ഏതിനെക്കുറിച്ചും അറിയാനുള്ള ആഗ്രഹം പൊതുവേ കൂടുതലാണ്. അത് മനസ്സിലാക്കി നാം ഇന്നു വായന മരിക്കുന്നുവോ

എന്തിനെക്കുറിച്ചും ഏതിനേക്കുറിച്ചും അറിയാനുള്ള ആഗ്രഹം കുട്ടികളിൽ പൊതുവേ കൂടുതലാണ്. അത് മനസ്സിലാക്കി നാം ഇന്നു വായന മരിക്കുന്നുവോ

അവരെ വായനയുടെ മായാലോകത്ത് എത്തിക്കാൻ ശ്രമിക്കണം. വായനയുടെ ലോകം ശുഷ്കമാഅവരെ വായനയുടെ മായാലോകത്ത് എത്തിക്കാൻ ശ്രമിക്കണം. വായനയുടെ ലോകം ശുഷ്കമായിര്ക്കുന്നു എന്നത് ഒരു സത്യം തന്നെയാണ്. പുതുതലമുറയിൽ ഏറിയ പങ്കും സാമൂഹിക സാംസ്കാരിക സ്ഥിതിയിൽ

ചെറുതല്ലാത്ത ഉയർച്ച കൈവരിക്കണമെന്ന് ആഗ്രഹിക്കുന്നവരാണ്. നമ്മുടെ ഏറ്റവും അടുത്ത സുഹൃത്തുകളാകണം പുശ്തകങ്ങൾ. അതേ സമയം കുട്ടികളുടെ കണ്മുന്നിൽ അവസരങ്ങളുടെ മലവെള്ളപ്പാച്ചലിലാണ്, ഭാവിക്കുവേണ്ടിയുള്ള നെട്ടോട്ടം. ഇതിനിടയ്ക്ക് ഏത് ഉണ്ണായി വാര്യർ, ഏത് എഴുത്തച്ചൻ, വായനയിലൂടെ വളരാൻ ആരാണ് അവളെ അല്ലെങ്കിൽ അവനെ പ്രോത്സാഹിപ്പിക്കുക. വായനയുടെ സുഖവും സന്തോഷവും അനുഭവിച്ച് സ്നേഹത്തോടെ നെഞ്ചിലേറ്റുന്ന സഹൃദയർ തന്നെ ഒരു

തിരിച്ചുപോക്കിനായുള്ള നേതൃത്വം നൽകേണ്ടതാണ്. വായനയെ പ്രോത്സാഹിപ്പിക്കാനായി ആദ്യം ചെയ്യേണ്ടത് നാട്ടിലെ ലൈബ്രറിക്കാവശ്യമായ

**ജീവവായു പകരുകയാണ്. പ്രകൃതി ഒരു തുറന്ന പുസ്തകമാണ്. പ്രകൃതിയിൽ നിന്ന് നേടുന്ന മണിമുത്തുകൾ അക്ഷരം പ്രതി പുസ്തകങ്ങളിൽ കുറിച്ചിടാൻ നാം ശ്രമിക്കണം വായന**

**വളരട്ടെ, വിജയം കൈവരിക്കട്ടെ**



## സൽപെരുമാറ്റത്തിന്റെ മൂല്യം

MERIN ALEX

മനുഷ്യൻ ആഹാരംക്കൊണ്ട് മാത്രമല്ലാ ജീവിക്കുന്നത്. ജീവിതത്തിലെ എല്ലാ പോരാട്ടങ്ങളും നടത്താൻ വേണ്ടി മാത്രമല്ലാ ജീവിക്കുന്നത്. സമ്പാതിക്കാനും ചിലവാക്കാനും വേണ്ടി മാത്രമല്ലാ ജീവിക്കുന്നത്. ധനശേഷിയും ഉയർന്ന പദവിയും മാത്രമല്ലാ ഒരു മനുഷ്യനെ ശ്രേഷ്ടനാക്കുന്നത്. എല്ലാറ്റിനും മേതയായി മനുഷ്യന്റെ നല്ല പെരുമാറ്റമാണ് അവനെ മറ്റുള്ളവരുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. അങ്ങന നല്ല പെരുമാറ്റത്തിന് ജീവിതത്തിൽ വളരെയേറെ മൂല്യമുണ്ട്. മനുഷ്യസ്വഭാവത്തിന്റെ സാരാംശം നല്ല

പെരുമാറ്റമാണ് . നല്ല പെരുമാറ്റ രീതി പഠിപ്പിക്കുന്നത് വളരെ ചെറുപ്പത്തിൽ തന്നെ വേണം. ഇത്തരത്തിൽ പഠിപ്പിക്കപ്പെട്ട കുട്ടികൾ സമൂഹത്തിലും പാഠശാലയിലുമുള്ള ചിട്ടകൾക്ക് എളുപ്പത്തിൽ അനുയോജ്യരായി തീരുന്നു. നല്ല പെരുമാറ്റമുള്ള ഒരു വ്യക്തിക്ക് എവിടെ ചെന്നാലും ബഹുമാനം ലഭിക്കുന്നു. വിദ്യാർത്ഥികൾക്ക് നല്ല പെരുമാറ്റം ഒരു അനുഗ്രഹമാണ്. ഒരു നല്ല പെരുമാറ്റമുള്ള മനുഷ്യന്റെ സൗഹൃദം ഏവർക്കും ഇഷ്ടമാകും. നല്ല പെരുമാറ്റമുള്ള മനുഷ്യൻ

എങ്ങനെയാണ് ഒരു സാഹചര്യത്തിൽ
പെരുമാറുന്നതെന്ന് നമുക്ക് ഊഹിക്കാൻ കഴിയും
സ്വഭാവ ദൂഷ്യത്താൽ ഇന്നത്തെ വിദ്യാർത്ഥികൾ
എത്ര മോഷപ്പെട്ട അന്തരീകഷമാണ്
സൃഷ്ടിക്കുന്നതെന്ന് നാം കാണുന്നൊണ്ട്.

**നല്ല പെരുമാറ്റത്തിന് നമ്മൾ വിലയൊ ന്നും**

**കൊടുക്കേണ്ടതില്ലാ. മറിച്ച് നമുക്ക് അതിന് ഏറേ**

**മൂല്യം കിട്ടുന്നുണ്ട് . മഹാത്മാഗാന്ധിയേയും**
**വിവേകാനന്ദനേയും പോലെ ശ്രേഷ്ഠമഹാന്മാർ**
**നമ്മുടെ നാട്ടിൽ ഉണ്ടായിരുന്നതുകൊണ്ട് നമുക്ക്**
**അല്പമെങ്കിലും പെരുമാറ്റ രീതി മെച്ചപ്പെടുത്താൻ**

**കഴിയുന്നു.**



# Little Bird

JINO MON

One day a bird flew over a small tree. The bird saw a nest on the branches of the tree. The bird came and sat on the nest of the small tree. Then the bird lay egg on it. Then the bird flew away. The girl saw an egg in the nest and ran to the small tree. Then the girl climbed on the small tree. The girl took the egg and walked slowly down from the small tree. The days passed. The egg was broken and the little bird came out of the egg. She protected the bird everyday. The 2 months passed.  The little bird grew up. The bird and the girl became best friends. One day both of them went to the park. The bird's mother also came on the park. The mother saw the child and come to the little bird. The mother told the bird "You are my baby. I am your mother, yes, you are my baby". The little bird ran and gave the flower to the mother. The mother and the little bird flew away.

The girl was so happy so the girl went to her house.



# MOBILE IN TODAY'S WORLD

ADHARSHA T.M

**No need of poles, no need of wires**
**if no mobile then the life cycle is without tyre**
**Talk hours to hours, day and night without any fear**
**share your happiness, joy and fear**
**all over the country wherever you are**
**If you have a mobile the no one is far**
**GPRS, camera, Bluetooth and lots and lots are in trend**
**One SMS daily is fixed for my friends**
**Forget your camera in a hurry**
**If you have a mobile then no need to worry**
**Record your happiness,joy and whatever you like**
**Purchase a mobile soon or the prices may hike**
**But this devils workshop has created a mess**
**Instead of feeling friends are sharing vulgarity**
**Internet is acting like fuel for mobile phone**
**Small children enjoy rubbish things when they're alone**
**Ever license cannot stop this man's mind**
**In vulgarity he has become totally blind**
**Privacy is no more**
**Just click and get stored**
**Behind every rubbish comment there is a man**



And in my opinion mobile phone for school students should be banned.



# പ്ളാസ്റ്റിക് എന്ന വില്ലൻ

**ALAN.A**

ആധുനിക ദൈനംദിന ജീവിതത്തിൽ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന വസ്തുവാണ് പ്ലാസ്റ്റിക്. സാമ്പത്തിക ലാഭവും സൗകര്യവും പ്ലസ്റ്റിക്കിലേക്ക് നമ്മെ ആകർഷിക്കുന്നു. പ്ലാസ്റ്റിക് കൊണ്ടുള്ള നേട്ടം താൽക്കാലികമാണെന്നും ദീർഘകാലാടിസ്ഥാനത്തിൽ ഗ അതുപയോദിക്കുന്ന വ്യക്തിയും സമൂഹത്തിനും ഉണ്ടാകുന്ന വിപത്ത്, ഏറെ വലുതാണെന്നും ഉള്ള വസ്തുത നാം മനസ്സിലാക്കിയിട്ടില്ല. ഖരമാലിന്യസംസ്കരണ – പരിപാലന സംവിധാനങ്ങളെയെല്ലാം തകിടം മറിക്കുന്ന പ്ലാസ്റ്റിക് എന്ന വില്ലനാണ്. ഉപയോഗിച്ച് വലിച്ചെറിയുന്ന പ്ലാസ്റ്റിക് മണ്ണിന്റെ ഘടനയെത്തന്നെ മാറ്റിമറിക്കുന്നു. പൊതുമാലിന്യ സംസ്കരണത്തിന്റെ ഭാഗമായി പ്ലാസ്റ്റിക് മാലിന്യങ്ങലൾ ശേഖരിച്ച് കത്തിക്കുന്നു. വീടുകളിലും സ്ഥാപനങ്ങളിലും കത്തിക്കുന്നു. പ്ലാസ്റ്റിക് കത്തിച്ചാലുള്ള അപകടം നാം മനസ്സിലാക്കിയിട്ടില്ല. പ്ലാസ്റ്റിക് കത്തിക്കുമ്പോൾ അതിൽ അടങ്ങിയിട്ടുള്ള പല രാസപദാർത്ഥങ്ങളും ജ്വലനസമയത്ത് നശിക്കുന്നില്ല. അവ പുകയിൽ ലയിച്ച് അന്തരീക്ഷത്തിലേക്കും ചാരത്തിലൂടെ മണ്ണിലേക്കും വ്യാപിക്കുന്നു.



# HI-TECH INAGURATION




HI-TECH INAGURATED BY SCHOOL MANANGER

REV. Fr. SHAJU WILLIAM


27-06-18 10:42




THANKS

